സുപ്രഭാതം

18 September 2017

# മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കായി തീരനൈപുണ്യ പദ്ധതി

കൊച്ചി: മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന തീരനൈപുണ്യ പദ്ധതി ശ്രദ്ധേയമാകുന്നു. തൊഴിൽ, ഉപരിപഠനം, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളിൽ മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) സഹകരണത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) നടത്തുന്ന ബഹുമുഖ പരിശീലന പദ്ധതിയാണ് തീരനൈപുണ്യ പദ്ധതി. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്കായി രണ്ട് മാസം സ്റ്റൈപ്പന്റോടു കൂടിയാണ് പരിശീലനം.

ആദ്യത്തെ ഒരുമാസം ക്ലാസ്സ്റൂം പരിശീലനവും അടുത്ത ഒരു മാസം അനുബന്ധ തൊഴിൽ സ്ഥാപനങ്ങളിൽ തൊഴിൽ പരിശീലനവുമാണ്. അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ മേഖലകൾ തിരിച്ചറിയാനും തൊഴിൽ ലഭ്യമാക്കാനും വനിതകളെ പരിശീലിപ്പിക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ, ഉന്നത വിദ്യാഭ്യാസം നേടുന്നതിനും കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും സഹായം നൽകുന്നുണ്ട്. ഇതിനു പുറമെ, സംരംഭകത്വം, വ്യക്തിത്വ വികസനം, നേതൃത്വ പാടവം, ആശയവിനിമയം, മത്സരപരീക്ഷ പരിജ്ഞാനം തുടങ്ങിയ മേഖലകളിലും തീരനൈപുണ്യ പദ്ധതിയിൽ പരിശീലനം നൽകിവരുന്നു. ഇതുവരെ മൂന്ന് ബാച്ചുകളാണ് തീരനൈപുണ്യ പദ്ധതിയുടെ കീഴിൽ സി.എം.എഫ്.ആർ.ഐയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്. കഴിഞ്ഞ ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള തീരനൈപുണ്യ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 35 പേരാണ് സി.എം.എഫ്.ആർ.ഐയിൽ നിന്ന് പരിശീലനം പൂർത്തിയാക്കിയത്. ക്ലാസ്സ്റൂം പരിശീലനത്തിന് ശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ആശുപത്രി, ബിസിനസ് സംരംഭങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇവർക്ക് പരിശീലനം നൽകി. തീരനൈപുണ്യ മൂന്നാം ബാച്ചിലെ ഏറ്റവും മികച്ച പരിശീലകയായി ടി.എം നിബിഷയെ തിരഞ്ഞെടുത്തു. മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് സി.എം.എഫ്ആർ.ഐ തീരനൈപുണ്യ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സി.എം.എഫ്ആർ.ഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ് സലിമാണ് തീരനൈപുണ്യ പദ്ധതിക്ക് നേതൃത്വം നൽകുന്നത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ്ടുവിനും അതിന് മുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് തീരനൈപുണ്യ പരിശീലന പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. നാലാമത്തെ ബാച്ചിനുള്ള പരിശീലനം അടുത്ത ജനുവരിയിൽ ആരംഭിക്കും.